3. ഇല്ലിത്തോട് അമ്പലപ്പാറ റോഡ് 0.81 കി.മീ.

അനുവദിച്ച തുക: 51.22 ലക്ഷം

2014-2015 : ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളെല്ലാം പൂർത്തീകരിക്കാനുണ്ട്.

പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള ഉദുമ മണ്ഡലത്തിലെ റോഡുകൾ

10 (1378) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഉദുമ മണ്ഡലത്തിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; റോഡുകളുടെ പേരും അനുവദിച്ച തുകയും വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 12 പ്രവൃത്തികളിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ള 3 പ്രവൃത്തികളിൽ മൂന്നാം മൈൽ-പേരിയ റോഡ് പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ചാലിങ്കാൽ-കായക്കുളം റോഡ് പെരിയാ പ്ലാന്റേഷൻ -തന്നോട്ട് റോഡ് എന്നീ റോഡുകൾ ആവശ്യമായ വീതിയിൽ സ്ഥലം വിട്ടുകിട്ടാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ അമ്പലപ്പുഴ മണ്ഡലത്തിലെ റോഡുകൾ

11 (1379) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെങ്കിലും റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly